രവിദാസന്റെ കുടുംബത്തിന് ധനസഹായം

68 (73) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഹിൽ ചുങ്കത്ത് 29-3-2014-ൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ടാങ്കർ ലോറി മറിഞ്ഞ് മരണപ്പെട്ട രവിദാസൻ, (ഇടുവനിലയം, എരഞ്ഞിക്കൽ പി.ഒ., കോഴിക്കോട്) എന്നയാളുടെ കുടുംബത്തിന് ഗവൺമെന്റ് ജോലിയും ധനസഹായവും വാഗ്ദാനം ചെയ്തിരുന്നോ ;

(ബി) ഉണ്ടെങ്കിൽ വാഗ്ദാനം ചെയ്ത ധനസഹായവും ജോലിയും നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ മരണപ്പെട്ട രവിദാസന്റെ കുടുംബത്തിന് ധനസഹായവും ജോലിയും നൽകാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

69 (74) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അപേക്ഷകർക്ക് അനുവദിക്കുന്ന ധനസഹായം യഥാസമയം ലഭ്യമാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടമരണം നേരിട്ടവരുടെ ആശ്രിതരും മറ്റ് കടുത്ത രോഗബാധിതരും അനുവദിച്ച ധനസഹായത്തിന് ആഫീസുകൾ പലതവണ കയറിയിറങ്ങേണ്ട അവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ കാര്യത്തിൽ റവന്യൂ വകുപ്പിന്റെ കൂടുതൽ ജാഗ്രതയോടെയുള്ള പ്രവർത്തനം ഉണ്ടാകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലവും അതനുസരിച്ചുള്ള ഫണ്ടിന്റെ കുറവുമൂലവും ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. തുക വിതരണത്തിന് തയ്യാറാകുന്നമുറയ്ക്ക് ജില്ലാ കളക്ടറേറ്റ്/താലൂക്കിൽ നിന്നും അപേക്ഷകരെ അറിയിച്ച് തുക നൽകിവരുന്നു.

(സി) ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly